**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 66** **16-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ജലപാതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാന ജലപാതയായ ഈസ്റ്റ്-വെസ്റ്റ് കനാൽ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിന്റെ തീരദേശത്തിന് സമാന്തരമായി കായലുകളെയും പുഴകളെയും ബന്ധിപ്പിച്ച്, കോവളം മുതൽ ബേക്കൽ വരെ 616 കി.മീ നീളത്തിലുള്ള വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരുന്നത്. ഒന്നാം ഘട്ടത്തിൽ 520 കി.മീ ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിക്കുന്നതിനായുള്ള ഒന്നാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. ജലപാത നിർമ്മാണ പ്രവൃത്തിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്.<br><br>മൂന്നാം ഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ ദൂരത്തിലുള്ള കനാലുകൾ "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" ഉൾപ്പടെ, പൂർത്തീകരിക്കുകയും, പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കി 2026ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാതയിൽ നാളിതുവരെ എത്ര കിലോമീറ്ററാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും അതിന്റെ ബാക്കി പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കാമോ; | (ബി) | കേരളത്തിന്റെ തീരദേശത്തിന് സമാന്തരമായി കായലുകളെയും പുഴകളെയും ബന്ധിപ്പിച്ച്, കോവളം മുതൽ ബേക്കൽ വരെ 616 കി.മീ നീളത്തിലുള്ള വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരുന്നത്. ഒന്നാം ഘട്ടത്തിൽ 520 കി.മീ ദൂരത്തിൽ കനാലുകൾ നിലവിലുള്ള ആഴത്തിലും വീതിയിലും ശുദ്ധീകരിക്കുന്നതിനായുള്ള ഒന്നാം ഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. ജലപാത നിർമ്മാണ പ്രവൃത്തിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്.<br><br>മൂന്നാം ഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കി.മീ ദൂരത്തിലുള്ള കനാലുകൾ "കോഴിക്കോട് കനാൽ |

| | | | |
|---|---|---|---|
| | | | സിറ്റി പ്രോജക്റ്റ്" ഉൾപ്പടെ, പൂർത്തീകരിക്കുകയും, പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കി 2026ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കോവളം മുതൽ വർക്കല വരെയുള്ള സ്ഥലമേറ്റെടുപ്പും തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങളും നിലവിൽ ഏതു ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക വിതരണം ചെയ്തുവെന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | പശ്ചിമതീരകനാൽ വികസനത്തിന്റെ ഭാഗമായി കോവളം മുതൽ വർക്കല വരെ കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി "വെസ്റ്റ് കോസ്റ്റ് കനാൽ റീഹാബിലിറ്റേഷൻ" പാക്കേജിന് അംഗീകാരം നൽകുകയും പുനരധിവാസ പ്രവർത്തനങ്ങൾക്കായി 247.20 കോടി രൂപയുടെ KIIFB ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർക്കല ഭാഗത്ത് 385 കുടുംബങ്ങളിൽ 354 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായിട്ടുണ്ട്. ബാക്കി കുടുംബങ്ങളുടെ പുനരധിവാസം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br><br>കഠിനംകുളം പഞ്ചായത്തിൽ 194 കുടുംബങ്ങളിൽ 178 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായി വരുന്നു.<br><br>തിരുവനന്തപുരം ഭാഗത്ത് 937 പ്ലോട്ടുകളിലായി 960 ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടി വരുന്നു. എന്നാൽ സൂക്ഷ്മപരിശോധനയിൽ 473 പ്ലോട്ടുകൾക്ക് പട്ടയം ലഭിച്ചിട്ടുള്ളതായി കണ്ടെത്തുകയും പ്രസ്തുത ഭൂമി ലാൻഡ് അക്വിസിഷൻ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്. പുറമ്പോക്കിലുള്ള 494 കുടുംബങ്ങളിൽ 416 കുടുംബങ്ങൾ രേഖകൾ കൈമാറി പാക്കേജ് സ്വീകരിക്കുവാൻ തയ്യാറായിട്ടുണ്ട്. അതിൽ 349 കുടുംബങ്ങളുടെ ലിസ്റ്റിന് അംഗീകാരം നൽകുകയും അവർക്ക് പാക്കേജ് തുക കൈമാറി വരുന്നതുമാണ്. പുനരധിവാസ പ്രവൃത്തനങ്ങൾക്കായി SPV ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (ക്വിൽ) – നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>പാർവ്വതി പുത്തനാറിന്റെ വികസനത്തിനും പാലങ്ങളുടെയും അപ്രോച്ച് റോഡുകളുടെയും നിർമ്മാണത്തിനും 986 ആർ ഭൂമി KIIFB യുടെ ധനസഹായത്തോടെ ഏറ്റെടുക്കുന്നതിന് 124.14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കനാൽ സൈഡിലുള്ള പട്ടയഭൂമിയും ഇതിലുൾപ്പെടും. SIA പഠനം പൂർത്തീകരിക്കുകയും സംയുക്ത പരിശോധന നടത്തുകയും തിരുവല്ലം, പേട്ട, മുട്ടത്തറ വില്ലേജുകളിലെ 11(1) നോട്ടിഫിക്കേഷൻ |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവളം ബോട്ട് ജട്ടിക്ക് 20.32 ആർ, പനത്തുറ കനാൽ നിർമ്മാണത്തിന് 15.54 ആർ ഭൂമിയും ഏറ്റെടുത്ത് ഇൻലാൻഡ് നാവിഗേഷൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. |
| (ഡി) | വെസ്റ്റ്-കോസ്റ്റ് കനാലിന്റെ ഭാഗമായ പാർവ്വതി പുത്തനാർ, ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും സ്ഥലമേറ്റെടുപ്പും തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കും നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും വെളിപ്പെടുത്താമോ; | (ഡി) | വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ കോവളം മുതൽ ആക്കുളം വരെയുള്ള പാർവ്വതി പുത്തനാർ വികസിപ്പിക്കുന്നതിന് പ്രാഥമിക DPR തയ്യാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം എന്നിവ പൂർത്തിയായാൽ മാത്രമേ DPR അന്തിമമാക്കി കനാൽ വികസന പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുള്ളു.<br><br>കോവളം മുതൽ വർക്കല വരെയുള്ള ലാൻഡ് അക്വിസിഷനും തുടർന്നുള്ള റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും അവസാന ഘട്ടത്തിലാണ്. പാക്കേജ്, വാടക തുക എന്നിവയ്ക്കായി 803 കുടുംബങ്ങൾക്കായി ആകെ 865844680/-രൂപ അനുവദിച്ചതിൽ 639 കുടുംബങ്ങൾക്ക് 674269500/- രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>വീടിന്റെ മൂല്യനിർണയ തുകയ്ക്കായി ആകെ 701 കുടുംബങ്ങൾക്ക് 183958429/- രൂപ അനുവദിച്ചതിൽ 445 കുടുംബങ്ങൾക്ക് വീടിന്റെ മൂല്യനിർണയ തുകയുടെ ആദ്യ ഗഡുവും ഒരു കുടുംബത്തിന് രണ്ടാം ഗഡുവും ഉൾപ്പെടെ ആകെ 138156706/- രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>വാടക, പാക്കേജ് തുക, മൂല്യനിർണ്ണയതുക എന്നിവയ്ക്കായി ആകെ 1049803109/-രൂപ അനുവദിച്ചതിൽ 812426206/- രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>പാർവ്വതീപുത്തനാർ ഭാഗത്ത് നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>(1) കോവളം മുതൽ പള്ളിത്തുറ വരെ കനാലിന്റെ വീതി 35 മീ. ആക്കുന്നതിനുള്ള അതിർത്തി കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു.<br><br>(2) പനത്തുറ സ്റ്റീൽ പാലത്തിന്റെ നിർമ്മാണത്തിനായി അതിർത്തി തിരിച്ച് കല്ലിടൽ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയും.<br><br>(3) പുത്തൻപാലം സ്റ്റീൽ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ലാൻഡ് |

| | | | |
|---|---|---|---|
| | | | അക്വിസിഷൻ നടന്നതിനു ശേഷമേ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുകയുള്ളു.<br><br>(4) ടി. എസ് കനാലിനു കുറുകെ കരിക്കകം സ്റ്റീൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. |
| (ഇ) | കോവളം മുതൽ ആക്കുളം വരെയുള്ള ജലപാതയുടെ വികസനത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത ഭാഗം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ കോവളം മുതൽ ആക്കുളം വരെയുള്ള പാർവ്വതി പുത്തനാർ വികസിപ്പിക്കുന്നതിന് 183.65 കോടി രൂപയുടെ പ്രാഥമിക DPR തയ്യാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് 124.14 കോടി രൂപയുടെയും പുനരധിവാസത്തിന് 247.20 കോടി രൂപയുടെയും KIIFB ധനസഹായം അനുവദിച്ചിട്ടുണ്ട്. കനാൽ വികസനവും KIIFB യുടെ ധനസഹായത്തോടെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം എന്നിവ പൂർത്തിയായാൽ മാത്രമേ DPR അന്തിമമാക്കി കനാൽ വികസന പ്രവൃത്തികൾ ആരംഭിക്കുവാൻ കഴികയുള്ളു. |

സെക്ഷൻ ഓഫീസർ